**കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ള കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. സുനിമോൾ എം ആർ , പെൻ :285151 )**

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം - അന്തർജില്ലാ സ്ഥലമാറ്റം 2024-2025-കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ ഫിസിക്കൽ സയൻസ് തസ്തികയിലേക്കുള്ള അന്തിമ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-11-2024 ലെ DGE/24296/2024-A1 നമ്പർ പരിപത്രം

2.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-12-2024,27-12-2024 , 27-03-2025 തീയതികളിലെ DGE/20836/2024-A1 നമ്പർ പരിപത്രങ്ങൾ

3.അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ

4.വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തർജില്ലാ സ്ഥലംമാറ്റത്തിന് യോഗ്യരായ അധ്യാപകരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്

5.വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച കോട്ടയം ജില്ലയിലേക്കുള്ള ഹൈസ്കൂൾ ഫിസിക്കൽ സയൻസ് അധ്യാപകരുടെ താത്കാലിക സ്ഥലംമാറ്റ ഉത്തരവ്

**ഉത്തരവ് നമ്പർ ഡിഡിഇകെറ്റിഎം/6743/2024-എ 1 (I) തീയതി : 28-03-2025**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1), (2) പരിപത്രങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് ലഭ്യമായ അപേക്ഷകളിൽ നിന്നും അർഹതയുള്ള അധ്യാപകന് ചുവടെ ചേർത്തിരിക്കുന്നവിധം സ്ഥലമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് , തസ്തിക , നിലവിൽ സേവനം ചെയ്യുന്ന സ്കൂളിന്റെ പേര് | റാങ്ക് നമ്പർ | സ്ഥലമാറ്റം അനുവദിക്കുന്ന സ്കൂളിന്റെ പേര് |
|---|---|---|---|
| 1. | JOMON P J,HST PHYSICAL SCIENCE,G.H.S CHERUVANNUR,KOZHIKODE | 2 | GOVT HS KOOVAKKAVU |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകന്റെ ടി തസ്തികയിലെ സീനിയോറിറ്റി കോട്ടയം ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പരിഗണിക്കുകയുള്ളൂ.ആയത് സംബന്ധിച്ച സത്യപ്രസ്താവന പ്രധമാധ്യാപകൻ

സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയതിനു ശേഷം മാത്രം ടി അധ്യാപകനെ വിടുതൽ ചെയ്യേണ്ടതാണ്.സ്ഥലമാറ്റം ലഭിച്ച അധ്യാപകൻ 23-08-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം.42/2012/ഉ.ഭ.വ പ്രകാരം കോട്ടയം ജില്ലയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്.തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലമാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി ഉത്തരവ് പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും.അധ്യാപകൻ 30-04-2025 തീയതിയ്ക്കുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ആയത് സ്ഥാപനമേധാവി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ് .

Signed by Sunimol
Date: 28-03-2025 12:18:24

**സുനിമോൾ എം ആർ (പെൻ :285151)**
**കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ**
**പൂർണ്ണ അധിക ചുമതലയുള്ള**
**കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ**

സ്വീകർത്താവ് :

1.ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ

2.ബന്ധപ്പെട്ട പ്രഥമാധ്യാപകർ

3.ബന്ധപ്പെട്ട അധ്യാപകൻ (വെബ് സൈറ്റ് മുഖാന്തിരം )